# അല്ലാഹുവിന്റെ വിശേഷണങ്ങളെ പ്രതിപാദിക്കുന്ന ആയത്തുകളിലും ഹദീസുകളിലും അഹ്ലുൽ ഖിബ്‌ലക്കാരുടെ ഭിന്നിപ്പുകൾ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رحمه الله )

**അവലംബ ഗ്രന്ഥം:** **فتح رب البرية بتلخيص الحموية**

**വിവർത്തനം:** *ഹംസ ജമാലി*

അഹ്ലുൽ ഖിബ്‌ല കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഖിബ്‌ലയിലേക്ക് തിരിഞ്ഞ് നമസ്കരിക്കുന്നവരെയാണ്. ഇസ്‌ലാമിലേക്ക് ചേർത്തുപറയുന്നവരെല്ലാം ഇവരിൽ പെടുന്നു. ഇവർ ആറ് വിഭാഗമുണ്ട്.

o രണ്ട് വിഭാഗം: അവയുടെ ബാഹ്യമായ അർത്ഥത്തിൽ സ്വീകരിക്കണമെന്ന അഭിപ്രായക്കാർ.
o രണ്ട് വിഭാഗം: ബാഹ്യ അർത്ഥത്തിന് എതിരായത് സ്വീകരിക്കണമെന്ന വാദക്കാർ.
o രണ്ട് വിഭാഗം: മൗനം ദീക്ഷിക്കുകയാണ് വേണ്ടത് എന്ന അഭിപ്രായമുള്ളവർ.

**ബാഹ്യ അർത്ഥം സ്വീകരിക്കണമെന്ന് പറഞ്ഞവർ:**

**1. സാദൃശ്യവാദികൾ (المشبهة):** ഇവർ അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ സൃഷ്ടികളുടേതിന് സാദൃശ്യപ്പെടുത്തി. ഇവരുടെ മാർഗം പിഴച്ചതാകുന്നു. മുൻഗാമികൾ അതിനെ എതിർത്തിട്ടുണ്ട്.

**2. പൂർവികർ (السلف):** അല്ലാഹുവിന്റെ പ്രതാപത്തിന് അനുയോജ്യമായ നിലയിൽ അല്ലാഹു വ്യക്തമാക്കിയത് പ്രകാരം വിശ്വസിക്കുന്നവർ. വിശുദ്ധഖുർആനും, തിരുസുന്നത്തും അറിയിക്കുന്നതും ശരിയായ പാതയുമാണ് ഇവരുടെ മാർഗം.

ഈ രണ്ടുവിഭാഗത്തിന്നുമിടയിലുള്ള വ്യത്യാസം. ഒന്നാമത്തെ വിഭാഗം സാദൃശ്യപ്പെടുത്തുമ്പോൾ രണ്ടാമത്തെ വിഭാഗം അതിനെ എതിർക്കുന്നു.

സാദൃശ്യപ്പെടുത്തുന്നവർ-ഉദാഹരണമായി അല്ലാഹുവിന്റെ അറിവ്, ഇറങ്ങൽ, കൈ എന്നിവയെക്കുറിച്ച് ഇവയെല്ലാം സൃഷ്ടികളുടേത് പോലെയാണെന്ന് മാത്രമേ എനിക്കറിയുകയുള്ളൂ എന്ന് പറയുകയാണെങ്കിൽ അതിന് പല മറുപടികളുമുണ്ട്.

**ഒന്ന്:** സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ എല്ലാ ഗുണങ്ങളിലും വ്യത്യാസമുണ്ടെന്ന് ബുദ്ധിയും പ്രമാണവും തെളിയിച്ചിരിക്കുന്നു. അപ്പോൾ സ്രഷ്ടാവിന്റെ വിശേഷണങ്ങൾ അവന് യോജിക്കുന്ന നിലയിലുള്ളതാണ്. സൃഷ്ടിയുടെ വിശേഷണങ്ങൾ അവർക്ക് യോജിക്കുന്ന നിലയിലുമുള്ളതാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ അന്തരമുണ്ടെന്നതിന് ഖുർആൻ തെളിവ് നൽകുന്നുണ്ട്.

ليس كمثله شيء

“അവനു തുല്യമായി യാതൊന്നുമില്ല” (അശ് ശൂറാ:11)

**ബുദ്ധിപരമായ തെളിവ്:** എല്ലാ നിലക്കും പരിപൂർണനായ സ്രഷ്ടാവ്-അവൻ പരിപൂർണനായിരിക്കുക എന്നത് അവന്റെ സത്താപരമായ അനിവാര്യമാണ്- എങ്ങനെയാണ് ആ പരിപൂർണതയുള്ളവൻ

ന്യൂനതകളുള്ള സൃഷ്ടിയോട് സാദൃശ്യപ്പെടുക?! ന്യൂനത എന്നത് അവന്റെ സത്താപരമായ അനിവാര്യവുമാണ്-അവന്റെ ന്യൂനത നികത്തുന്നവനിലേക്ക് അവൻ ആവശ്യക്കാരനുമാകുന്നു.

**രണ്ട്:** സൃഷ്ടികളുടെ സത്തയോട് (ذات) സാദൃശ്യമില്ലാത്ത ഒരു സത്ത അല്ലാഹുവിനുണ്ടായിരിക്കണമെന്ന് നീ കരുതുന്നില്ലേ? എന്ന് നാം ഇവരോട് ചോദിക്കുകയാണെങ്കിൽ അതേ എന്നായിരിക്കും അവരുടെ മറുപടി. എങ്കിൽ പിന്നെ സൃഷ്ടികളുടെ വിശേഷണങ്ങൾക്ക് സാദൃശ്യമില്ലാത്ത വിശേഷണങ്ങളും അവനുണ്ടെന്ന് മനസ്സിലാക്കണമെന്നാണ് അവരോട് പറയേണ്ടത്. കാരണം വിശേഷണത്തെ (صفات) പറയുന്നതുപോലെ തന്നെയാണ് ദാത്തിനെക്കുറിച്ച് പറയുന്നതും. ഇവക്കിടയിൽ വേർതിരിക്കുന്നവർ വൈരുധ്യമാണ് പറയുന്നത്.

**മൂന്ന്:** സൃഷ്ടികളുടെ വിശേഷണങ്ങൾ നാം കണ്ടുവരുന്നു. അവ പേരിൽ യോജിക്കുന്നുവെങ്കിലും അവയുടെ രൂപത്തിൽ വ്യത്യാസമുണ്ട്. ഉദാഹരണത്തിന് മൃഗങ്ങളുടെ കൈയ്യിനെപ്പോലെയല്ല മനുഷ്യരുടെ കൈ. അപ്പോൾ സൃഷ്ടികളുടെ വിശേഷണങ്ങൾ പേരിൽ ഐക്യപ്പെടുത്തുന്നതോടൊപ്പം രൂപത്തിൽ വ്യത്യാസപ്പെടാമെങ്കിൽ സൃഷ്ടിയുടെയും സ്രഷ്ടാവിന്റെയും വിശേഷണങ്ങൾക്കിടയിൽ എന്തുകൊണ്ടും വ്യത്യാസപ്പെടാവുന്നതാണ്. മാത്രമല്ല, മുമ്പു പറഞ്ഞതുപോലെ സൃഷ്ടിക്കും സ്രഷ്ടാവിനുമിടയിൽ അന്തരമുണ്ടായിരിക്കൽ നിർബന്ധമാകുന്നു.

സിഫാത്തുകളുടെ ബാഹ്യ അർത്ഥത്തിന് വിപരീതമായത് സ്വീകരിക്കണമെന്ന് വാദിക്കുന്ന രണ്ട് വിഭാഗക്കാർ ഇവർ അല്ലാഹുവിന് സ്ഥിരതമായ വിശേഷണമുണ്ടെന്നതിനെ (صفاتٌ ثبوتية) നിഷേധിക്കുന്നവരാണ്. അല്ലെങ്കിൽ അവയിൽ ചിലതിനെ നിഷേധിക്കുന്നവരാണ്. അതുമല്ലെങ്കിൽ വിശേഷണത്തെക്കൂടാതെ അവയുടെ അവസ്ഥകളെ മാത്രം സ്ഥിരീകരിക്കുന്നവരാണ്. ഉദാഹരണം: *'ആലിം'* (അറിയുന്നവൻ) എന്ന *സിഫത്ത്* അല്ലാഹുവിന്റെ സ്ഥിരമായ (ثبوتية) സിഫത്തല്ല. മറിച്ച് ഓരോ കാര്യം നടക്കുന്ന സന്ദർഭത്തിൽ അവൻ അത് അറിയുന്നുവെന്ന് മാത്രം. അവർ താഴെ പറയുന്നവരാണ്.

1. ജഹ്മിയാക്കളിലെ സിഫാത്ത് നിഷേധികളും അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിക്കുന്ന മൂലവാക്യങ്ങളെ അവരുദ്ദേശിച്ച അർത്ഥങ്ങൾ നല്കി വ്യാഖ്യാനിക്കുന്നവരും.

ഉദാഹരണം: അല്ലാഹുവിന്റെ കയ്യിനെ അവന്റെ അനുഗ്രഹമെന്നും സിംഹാസനാരോഹിതനാകുന്നതിനെ അധികാരമേറ്റുവെന്നും വ്യാഖ്യാനിക്കൽ.

2- അല്ലാഹുവിന്റെ വിശേഷണങ്ങളെക്കുറിക്കുന്ന മൂലവാക്യങ്ങളെക്കൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്നേ അറിയൂ. പക്ഷേ അതുകൊണ്ട് അല്ലാഹുവിനില്ലാത്തൊരു വിശേഷണത്തെ സ്ഥാപിക്കൽ ഉദ്ദേശിക്കുന്നില്ല എന്ന് നമുക്കറിയും എന്ന് പറഞ്ഞ് അജ്ഞത നടിക്കുന്നവരുടെ വാക്ക് വൈരുധ്യങ്ങളടങ്ങിയതാണ്.